# മിഅ്റാജ്

**അല്ലാമാ ഇഖ്ബാൽ**

വിവ: അബൂഫിദ

ഇരു ലോകങ്ങളിലും ഇന്ന്
ദൈവത്തിന്റെ പ്രിയപ്പെട്ടവനെ
ക്കുറിച്ച സംസാരമാണ്.
ഓരോ മൺതരിയുടെ നാവിലും
'സല്ലല്ലാഹു അലാമുഹമ്മദ്'.
മുസ്ത്വഫായുടെ മിഅ്റാജിനാൽ
ജീവിതസമസ്യയുടെ കുരുക്കഴിഞ്ഞിരിക്കുന്നു.
നബിയുടെ ആത്മാവിൽ ഇന്ന്
ദിവ്യചൈതന്യത്തിന്റെ തേജപ്രസരം
മാരിവില്ലിൽ അവിടുത്തെ
സ്നേഹാനുരാഗമേളനം.
ഓരോ നിമിഷത്തിന്റെയും
വിചാരസ്മൃതികളിൽ
അനശ്വരതയുടെ പാഠം
പൂവും പൂങ്കുയിലും രമിക്കുന്ന
ഏകാന്തതകളിലെ അനവദ്യമേളം.
ഞാനും നീയുമെന്ന അന്തരം
സ്നേഹസരിത്തിൽ അലിഞ്ഞില്ലാതാവുന്നു.
വാനഭുവനങ്ങളുടെ വിശാലതകൾ
നിമിഷാർധ വേഗത്തിൽ
ആരോഹണം ചെയ്യപ്പെട്ടിരിക്കുന്നു.
സ്ഥലകാലബന്ധനങ്ങൾ ഇവിടെ
കഴുത്തറ്റു വീഴുന്നു.
വിശുദ്ധ ഖുദ്സിന്റെ പക്ഷി
മധുരഗാനമാലപിക്കുന്നു.
അൽഅമീന്റെ ആത്മാവും
സ്നേഹത്താൽ മദ്ഹ് പാടുന്നു.
പ്രതീക്ഷിക്കപ്പെട്ടവന്റെ
പാദപതനം കേൾക്കെ
മന്ദിര കവാടങ്ങൾ തുറന്നുവെച്ച്
നബിമാർ കാത്തിരിപ്പായി.
ഹൂറികൾ സ്വർഗപ്പൂന്തോപ്പുകളിൽ
അഭിവാദനമാലപിക്കുകയായി.
മണ്ണ് തൊട്ട് വിണ്ണോളം
'മർഹബ'യുടെ മന്ത്രധ്വനികൾ
പകൽവെളിച്ചം അസൂയപ്പെടുന്ന രാവാണിത്.
നിഴലുകൾ ഗരുഢപക്ഷങ്ങളായി
മണ്ണിൽ തണൽ വിരിച്ചിരിക്കുന്നു.
ഹൃദയംപ്രവാചകപ്രേമത്തിൽ
ലസിച്ചിരിക്കുമ്പോൾ
'ഖിബ്‌ല നോക്കി'യെന്തിന്?
ഖിബ്‌ല നോക്കാനിന്ന്
വിശ്വാസത്തിന്റെ പ്രഭാങ്കുരം മതി.
അവിടുത്ത പൂമുഖപ്പടിയിൽ
ഇഖ്ബാലിതാ വിനമ്രനായി വന്നുനിൽക്കുന്നു.
റഹ്മത്തിന്റെ മടിത്തട്ടിൽ
മൃദുഹർഷ രവം!